# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2354 — 11/10/2011-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി. യിൽ നിന്നും വേർപെടുത്തി ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ വിദഗ്ദ്ധ സമിതിയെ നിയമിക്കാനിടയായ സാഹചര്യവും, വിദഗ്ധ സമിതി അംഗങ്ങളുടെ പേര് വിവരവും വ്യക്തമാക്കുമോ; | എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ സ്ഥാപിച്ചുകൊണ്ടുള്ള 29.04.1999 ലെ ജി.ഒ (എം.എസ്) 100/99/പൊ.വി. നമ്പർ ഉത്തരവിൽ ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും ക്രമേണ വേർപ്പെടുത്തി ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ. ആർ.ടി.യുടെ 45-ാമത് ഗവേണിംഗ് ബോഡി തീരുമാനത്തിന്മേൽ 18.08.2008 ലെ ജി.ഒ. (ആർ.ടി) നം. 3771/08/പൊ.വി. പ്രകാരം ഓപ്പൺ സ്കൂളിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ: അച്ച്യുതന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചു. വിദഗ്ധ സമിതിയിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഈ വിദഗ്ദ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയെന്നും, ഈ റിപ്പോർട്ടിന്മേൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | ബി) | ഉണ്ട്.<br>പ്രധാന ശുപാർശകൾ അനുബന്ധം I ആയി ചേർക്കുന്നു.<br>പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പരിഗണിച്ച് ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിച്ച് State Council for Open and Lifelong Education, Kerala (SCOLE- Kerala)എന്ന പേരിൽ |

(.......2)

അസോസിയേഷനും (MOA)
ചട്ടങ്ങളും അംഗീകരിച്ചുകൊണ്ട്
സർക്കാർ 1.03.2011 ലെ ജി.ഒ.
(എം.എസ്) 65/2011/പൊ.വി.
പ്രകാരം ഉത്തരവായി.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.